ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്ന തിനായി ഉപയോഗിക്കുന്നു. ആയതിലേയ്ക്കായി ഫാമുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവവളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫാമിൽ പശു വളർത്തൽ യൂണിറ്റുകൾ തുടങ്ങിക്കഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പിൽ 4 പശുവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. (ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കടപ്പനക്കുന്ന്/ജഴ്സിഫാം, വിതുര/ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ / ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല) കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ വളർത്തുന്നതിനും അവയുടെ സംരക്ഷണവും ലക്ഷ്യമാക്കി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ തുടങ്ങുന്ന ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(സി & ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നല്കികൊണ്ടുള്ള കൃഷി രീതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി കൃഷി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും ജില്ലാ പഞ്ചായത്തിൽ പ്രോജക്ട് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയും പശുവളർത്തൽ കേന്ദ്രങ്ങൾ/ഡെയറി യൂണിറ്റുകൾ, പൗൾട്രി യൂണിറ്റുകൾ എന്നിവ നടത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേയ്ക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രധാന ഫാമുകളിലെല്ലാം അഗ്രിക്കൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റിംഗ്

30 (*150) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം നടത്തി, കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

852/2017.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം, ആനുകൂല്യങ്ങളുടെ വിതരണം എന്നിവ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ്, പദ്ധതിനിർവ്വഹണം സംബന്ധിച്ച ബുക്ക്‌ലെറ്റ് ഗ്രാമസഭയിൽ സമർപ്പിക്കൽ, സർപ്രൈസ് ഇൻസ്പെക്ഷൻ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ നിരന്തരമായ വിലയിരുത്തലിനു വിധേയമാണ്. ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനു വിശദമായ മാർഗ്ഗരേഖ സർക്കാർ നിശ്ചയിച്ചു നൽകുന്നു. പദ്ധതി നടത്തിപ്പ് ഫലപ്രദമാക്കുന്നതിനുവേണ്ടി ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും കാലാകാലങ്ങളിൽ കില (KILA)-യുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു. പദ്ധതി നടത്തിപ്പിലുണ്ടായേക്കാവുന്ന പാകപ്പിഴകൾ സമയാസമയങ്ങളിൽ ചൂണ്ടിക്കാണിക്കുന്നതിന് പെർഫോമൻസ് ഓഡിറ്റ് സംവിധാനം സഹായകരമാകുന്നു. 2013-14 കാലഘട്ടത്തിലെ പദ്ധതി നടത്തിപ്പ് ഒരു സ്പെഷ്യൽ ഓഡിറ്റ് മുഖാന്തിരം വിശദമായ വിലയിരുത്തലിനു വിധേയമാക്കുകയുണ്ടായി. പ്രസ്തുത ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് കിലയിൽ തയ്യാറാക്കിവരുന്നു.

(ബി) 21-12-2010-ലെ സ.ഉ.(കൈ) നമ്പർ 305/2010/തസ്വഭവ. നമ്പർ ഉത്തരവു പ്രകാരം സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് സംവിധാനം നിലവിൽ വരികയുണ്ടായി. 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമ പ്രകാരം, ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിനു വിധേയമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഒരു സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. പദ്ധതി നിർവ്വഹണം സംബന്ധിച്ച ബുക്ക്‌ലെറ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നുണ്ട്. പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരിക്കൽ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly